

## പല്ലവി

ജീവിതം മേദനിയിൽ ശോഭിക്കുന്നോർ
നിശ്ചയം യേശു ഭക്തർ

## ചരണങ്ങൾ

ദൈവത്തോടും എല്ലാ മനുഷ്യരോടും സ്നേഹം
ജീവിതത്തിൽ ലഭിക്കും മനുജരിൽ
സൂക്ഷ്മമായ് ദൈവമുണ്ട്- (ജീവിതം)

ആശ്രയമാകുന്ന ജീവിതക്കപ്പലിൽ
വിശ്രമനാട്ടിലെത്തീട്ടനന്തമായ്
വാണു സുഖിക്കുമവർ- (ജീവിതം)

പാപത്തിന്നന്ധത സ്വപ്നത്തിൽ പോലുമാം
ജീവിത നിഷ്ഠരിലില്ലവർ മുഖം
തേജസ്സിശോഭിച്ചീടും- (ജീവിതം)

സുവിശേഷഘോഷണ സേവകരായവർ
സുവിശേഷ പോർക്കളത്തിൽ തോല്ക്കാത്തവർ
സൂക്ഷമത്തിൽ ലാക്കിലെത്തും- (ജീവിതം)



ലോകത്തിന്നാശിഷം സത്യമായ് ഭക്തന്മാർ
ലോകത്തിൽ ജീവിക്കുന്നതോർക്കെല്ലാവർക്കും
നന്മയായ്ത്തീരുമവർ- (ജീവിതം)

നിത്യാനന്ദാത്മാവിൻ സന്തോഷ സംതൃപ്തി
നിത്യവും ആസ്വദിച്ചീവിശ്വാസികൾ
വാഴുന്നീപ്പോർക്കളത്തിൽ- (ജീവിതം)

പരമ മണവാളൻ യേശുമഹാരാജൻ
തിരിച്ചുവരും ദിനത്തിൽ കണ്ടാൽ കൊതി
തീരാത്തഭാഗ്യമത്- (ജീവിതം)



**Contact:**
**ROSHAN GEORGE**

**Email:**
thesaintofparumala@gmail.com
mail@roshangeorge.me